# G.L.P.S Kodamthuruth




# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# ഗവ.എൽ.പി.സ്കൂൾ കോടംതുരുത്ത് 2025-26

## അധ്യയനവർഷത്തെ കുട്ടികളുടെ കണക്ക്

| ക്ലാസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| നഴ്സറി | 23 | 22 | 45 |
| STD 1 | 5 | 15 | 20 |
| STD 2 | 12 | 16 | 28 |
| STD3 | 8 | 9 | 17 |
| STD 4 | 13 | 8 | 21 |

## 2025-26 വർഷത്തെ അധ്യാപക -അനധ്യാപകരുടെ എണ്ണം

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീലത കെ ആർ | പ്രഥമാധ്യാപിക |
| 2 | സീന രാജ് | അധ്യാപിക് |
| 3 | രാം ദാസ് | അധ്യാപകൻ |
| 4 | ബാബുലാൽ | അധ്യാപകൻ |
| 5 | ജസ്ന തോമസ് | അധ്യാപിക |
| 6 | നീലിമ എൻ എസ് | അധ്യാപിക |
| 7 | ഫാരിഷ എൻ എ | അധ്യാപിക |
| 8 | സുമതി കെ വി | പി റ്റി സി എം |

# സ്കൂൾ മാസ്റ്റർപ്ലാൻ 2025-2026

## ആമുഖം

ആലപ്പുഴ ജില്ലയുടെ ഏറ്റവും വടക്കേ അറ്റത്തുള്ള അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ ഉപജില്ലാ പരിധിയിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് 9-ാം വാർഡിൽ ദേശീയപാത 66 നോട് ചേർന്ന് റോഡിന്റെ കിഴക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ഗവ.എൽ.പി.എസ്.കോടംതുരുത്ത്. 1906-ൽ സ്ഥാപിതമായ ഈ വിദ്യാലയം 116 വർഷത്തോളമായി പൊതുസമൂഹത്തിന്റെ അംഗീകാരത്തോടുകൂടി ആയിരക്കണക്കിന് കുട്ടികൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്നുകൊടുത്ത മാതൃകാസ്ഥാപനമാ ണ്. നമ്മുടെ മാതൃരാജ്യമായ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനും ഏതാണ്ട് 40 വർഷം മുൻപ് സ്ഥാപിക്കപ്പെട്ട ഈ വിദ്യാലയത്തിന്റെ സ്ഥാപനം കാലഘട്ടത്തിന്റെ അനിവാര്യതയായിരുന്നു. 35 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്കൂളിൽ പരിമിതി കൾ ഏറെയുണ്ട്.

## ചരിത്രം

സ്കൂൾ സ്ഥാപിക്കപ്പെട്ട കാലഘട്ടത്തിൽ ജീവിച്ചിരുന്ന വ്യക്തികൾ നൽകുന്ന വിവരങ്ങൾ അടിസ്ഥാനമാക്കിയോ, ലഭിക്കുന്ന രേഖകൾ ആധാരമാക്കിയോ സ്കൂൾ ചരിത്രം രേഖപ്പെടുത്താം. കോടംതുരുത്ത് പ്രൈമറി വിദ്യാലയത്തിന്റെ സ്ഥാപനം കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. സാർവ്വത്രിക വിദ്യാഭ്യാസം നിലവിലില്ലാതി രുന്ന കാലഘട്ടത്തിൽ എല്ലാ വിഭാഗം കുട്ടികൾക്കും പ്രത്യേകിച്ച് താഴ്ന്ന ജാതിക്കാരായി സമൂഹം കരുതിയിരുന്ന വിഭാഗത്തിലെ കുട്ടികളുടെ പ്രാഥമിക വിദ്യാ ഭ്യാസത്തിനായി സ്ഥാപിക്കപ്പെട്ട ഒരു വിദ്യാലയമാണിത്.

ഇന്ന് വിദ്യാലയത്തിൽ ജാതിമത ചിന്തകൾക്കതീതമായി എല്ലാ വിഭാഗക്കാരും ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു. അതുകൊണ്ടു തന്നെയാണ് കോടംതുരുത്ത് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രൈമറിതലത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിച്ചു വരുന്ന വിദ്യാലയമാണ് ഗവ.എൽപി.സ്കൂൾ കോടംതുരുത്ത്

# സ്ക്കൂളിന്റെ നിലവിലെ അവസ്ഥ വിശകലനം

അവസ്ഥാവിശകലനത്തിൽ ഭൗതികസാഹചര്യം, അക്കാദമിക് നിലവാരം, SMC, MPTA പൊതുസമൂഹത്തിന്റെ പങ്കാളിത്തം, ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ, വിദ്യാഭ്യാസവകുപ്പിന്റെ മേൽനോട്ടം ഈവക കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭൗതികസാഹചര്യം

NH 66 നോട് ചേർന്നുള്ള വിദ്യാലയമായതിനാൽ ഈ പൊതുവിദ്യാലയത്തെ അതീവ താൽപര്യത്തോടെയാണ് പൊതുജനം കാണുന്നത്. ഒരു സ്ഥാപനത്തിന്റെ ശരിയായ വളർച്ചയ്ക്ക് ഭൗതിക സാഹചര്യങ്ങളുടെ വളർച്ച അത്യാവശ്യമാണ്. ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതയിൽ നട്ടംതിരിയുന്ന സ്ക്കൂളിനെ സഹായിക്കാൻ ഔദ്യോഗികമായും അനൗദ്യോഗികമായും പല കോണുകളിൽ നിന്ന് പരിശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും ഭാവിയെ മുന്നിൽകണ്ട് ശരിയായ ഒരു മാതൃകാ വികസനനയം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

## സ്കൂളിലെ കെട്ടിടങ്ങളുടെ അവസ്ഥ

സ്ക്കൂളിന് സ്വന്തമായി 35 സെന്റ് സ്ഥലം മാത്രമാണുള്ളത്. ഔദ്യോഗികമായി 1 മുതൽ 4 വരെയുള്ള ക്ലാസ്സുകൾക്കായി 7 ക്ലാസ്സുമുറികൾ ആവശ്യമാണ്. നേഴ്സറി വിഭാഗം കുട്ടികളെLKG2 UKG1 എന്നിങ്ങനെ രണ്ടായി തരംതിരിച്ച് ഇരുത്തേണ്ടിയിരിക്കുന്നു. അങ്ങനെ 7 ക്ലാസ്സുമുറികളും കൂടാതെ സ്ക്കൂൾ ഓഫീസിനായി അടച്ചുറപ്പുള്ള ഒരു മുറിയും സ്റ്റാഫിന് ഒരു മുറിയും ആവശ്യമാണ്. കൂടാതെ അക്കാദമിക ആവശ്യത്തിന് കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവയ്ക്കുവേണ്ട മുറികളും വളരെ അത്യാവ ശ്യമാണ്. എന്നാൽ ഇപ്പോൾ നിലവിൽ 5 മുറികൾക്കുവേണ്ട സാഹചര്യം മാത്രമാണു.

## കെട്ടിടത്തിന്റെ അപര്യാപ്തതയിലേക്ക് നയിച്ച കാരണം

സ്കൂൾ ഓഫീസും അതിനോടുചേർന്ന 4 ക്ലാസ്സുമുറികളും ഉൾപ്പെട്ട കെട്ടിടം കാലപ്പഴക്കത്താൽ അൺഫിറ്റാകുകയും 2022 ആഗസ്റ്റ് മാസത്തിൽ ഔദ്യോഗിക നടപടിക്രമ ങ്ങൾ പൂർത്തിയാക്കി പൊളിച്ചു നീക്കം ചെയ്തു.

5 മുറികൾ പൊളിച്ചു നീക്കിയ സ്ഥലത്ത് പുതിയ കെട്ടിടം വെയ്ക്കുന്നതിന് ദൂരപരിധി തടസ്സമാണ്. അതിനാൽ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളും, MLA, പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, SMC, MPTA പ്രതിനിധികൾ, രക്ഷിതാക്കൾ, പൊതുസമൂഹത്തിലെ പ്രതിനിധികൾ ഇവരെല്ലാം ഉൾപ്പെടുത്തികൊണ്ട് വിപുലമായ കമ്മറ്റി കൂടുകയും PWD നിർദ്ദേശിക്കുന്ന സ്ഥലത്ത് പുതിയകെട്ടിടം പണിയുവാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. 2022-2023 ലെ പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി 1 കോടി 20 ലക്ഷമാണ് 4 മുറികളുള്ള ഇരുനില കെട്ടിടത്തിന് അനുവദിച്ചിരുന്നത് .
2024 ജനുവരി 26 ന് തറക്കല്ല് ഇട്ട കെട്ടിടത്തിന്റെ പണി പൂർത്തിയായി ജൂൺ മാസത്തിൽ ഉദ്ഘാടനത്തിനു തയ്യാറായി നിൽക്കുന്നു

## പാചകപ്പുരയുടെ അവസ്ഥ

150 ന് അടുത്ത് കുട്ടികൾക്ക് ഉച്ചഭക്ഷണം പാകംചെയ്യുന്നതിനുവേണ്ട കെട്ടിട വലുപ്പമോ മറ്റു സൗകര്യങ്ങളോ സ്കൂൾ പാചകപ്പുരയ്ക്ക് ഇല്ലായിരുന്നു. പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിനുവേണ്ടി പാചകപ്പുര പൊളിച്ചുമാറ്റിയിരിക്കു കയാണ്. ഇപ്പോൾ താൽക്കാലിക ഷെഡിലാണ് പാചകപ്പുര പ്രവർത്തിക്കുന്നത്. അസൗകര്യങ്ങൾ ഉണ്ടെങ്കിലും ഔദ്യോഗികമായി നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആരോഗ്യകരമായും മികച്ച നിലവാരത്തിലും ആഹാരം കുട്ടികൾക്ക് നൽകുവാൻ സ്കൂൾ അധികൃതർ അതീവ ജാഗ്രത പുലർത്തു ന്നു. ഉച്ചഭക്ഷണ കമ്മറ്റി കൃത്യമായി യോഗം ചേർന്ന് നിരന്തരം അവലോകനം നടത്തി വരുന്നു.

## സ്കൂളിന്റെ കളിസ്ഥലം

പ്രൈമറി വിഭാഗം കുട്ടികൾ ക്ലാസ്സുമുറികളിൽ നിന്നും നേടുന്ന അറിവിന്റെ അത്രയും പ്രാധാന്യം ക്ലാസിനു വെളിയിൽ നിന്നും നേടുന്ന അറിവിനുണ്ട്. കുട്ടികൾക്ക് ശാരീ രികക്ഷമത വർദ്ധിപ്പിക്കാനും സങ്കോചമില്ലാതെ

ഉണർവ്വോടുകൂടി പഠിക്കാനും വിവിധ തരം കളികൾ സഹായിക്കുന്നു. നേഴ്സറി കുട്ടികൾക്ക് അധ്യയന വർഷാരംഭത്തിൽ വിദ്യാലയവുമായി ഇണങ്ങാൻ കളി ഉപകരണങ്ങൾ അത്യാവശ്യമാണ്.ഈ വർഷം പ്രീ പ്രൈമറി കുട്ടികൾക്കായുള്ള വർണ്ണക്കൂടാരം പ്രോജെക്ട് അനുവദിച്ചിട്ടുണ്ട് . കുട്ടികളെ അടക്കി ഇരുത്തുന്നതിനുപകരം അവർക്കിഷ്ടപ്പെട്ട കളി ഉപകരണങ്ങൾ നൽകിയാൽ കുട്ടികൾക്ക് വിദ്യാലയത്തിൽ നിത്യവും വരാനുള്ള താൽപര്യം വർദ്ധിക്കും. 4 ഊഞ്ഞാൽ, Merry go rounds, slide എന്നിവ നിർമ്മിക്കുകയും 6 round table പണിയുകയും ചെയ്തു. കൂടാതെ നേഴ്സറി ക്ലാസ്സുമുറികൾ ചിത്രങ്ങൾ വരച്ച് മനോഹരമാക്കുകയും ചെയ്തു.

## വിവരസാങ്കേതിക ഉപകരണങ്ങൾ

കേവലം അറിവുനേടുക എന്നതിനപ്പുറം വിശാലമായ ഈ ലോകം കൺമുന്നിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ സ്കൂളിൽ എത്തുന്ന കുട്ടി അതിസമർത്ഥമായി വിവരസാങ്കേതിക ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിവുള്ളവരാണ്. എന്നാൽ നമ്മുടെ സ്കൂളിൽ സ്മാർട്ട് ക്ലാസ്സ്‌റൂമോ ,അതിനാവശ്യമായ സാങ്കേതിക ഉപകരണങ്ങളോ നമുക്കില്ല .പുതിയ കെട്ടിടത്തിലെ ക്ലാസ് മുറികൾ ഇതിനു അനുയോജ്യമാണ് .അതിനാവശ്യമായഉപകരണങ്ങൾ ലഭ്യമായാൽ ആ ക്ലാസ് റൂമുകൾ നമുക്ക് സ്മാർട്ട് ക്ലാസുകൾ ആക്കാവുന്നതാണ് .

## അക്കാദമിക നിലവാരം

ഓരോ കുട്ടിയെയും അവരവരവരുടെ കഴിവിന്റെ പരമാവധിയിൽ എത്തിക്കാൻ സ്കൂളിന് പലപ്പോഴും സാധിക്കുന്നില്ല. ഉയർന്ന നിലവാരത്തിൽ കുട്ടികളെ എത്തിക്കണമെങ്കിൽ ഭൗതിക സാഹചര്യത്തിന് വലിയ പ്രാധാന്യമുണ്ട്. അച്ചടക്കമുള്ള അന്തരീക്ഷത്തിൽ സമാധാനത്തോടെ അധ്യയനം നടത്താനുള്ള സൗകര്യം ഒരുക്കികൊടുക്കേണ്ടത് നമ്മുടെ കടമയാണ് കുട്ടികൾക്ക് ക്ലാസുമുറികൾ മാത്രം പോര, ഇരിക്കാനുള്ള ബെഞ്ച്, ഡസ്ക് എന്നിവയും അത്യാവശ്യമാണ്.

2025-2026 അധ്യയനവർഷം 20 കുട്ടികൾ I-ാം ക്ലാസ്സിൽ ചേർന്നു. നഴ്സറി തല ത്തിൽ 29 കുട്ടികളും അഡ്മിഷൻ നേടി.
ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവൃത്തി പരിചയ മേളകളിൽ കുട്ടികൾ ഉയർന്ന നിലവാരം പുലർത്തി വരുന്നു. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി തുടക്കം മുതൽ തന്നെ ഇവയിൽ പരിശീലനം നൽകി വരുന്നു.

കുട്ടികളുടെ കലാഭിരുചി വളർത്താനും കായിക പരിശീലനം ശാസ്ത്രീയമായി നടത്താനും ചിത്രരചനയിൽ പരിശീലനം നൽകാനും ലക്ഷ്യം വെച്ച് പല പ്രോജക്ട്കളും ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ഇതിനെല്ലാം ഫണ്ട് ഒരു തടസ്സമായി നിൽക്കുന്നു. Own fund ന്റെ അപര്യാപ്തത ഗ്രാമപഞ്ചായത്തിനുണ്ട്.

ശിശുകേന്ദ്രീകൃത വിദ്യാലയ അന്തരീക്ഷം ഒരുക്കാൻ SMC യും ഗ്രാമപഞ്ചായത്തും അധ്യാപകരും പരിശ്രമിക്കുന്നു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ കുട്ടി കൾക്കും അവസരം നൽകി കഴിവിന്റെ പരമാവധിയിൽ എത്തിക്കാനുള്ള പ്രവർത്തന ങ്ങൾ ചെയ്തുവരുന്നു.

SMC യോഗങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രതിനിധികളായി രണ്ടിൽ കുറയാത്ത ഈ പ്രതിനിധികൾ പങ്കെടുക്കാറുണ്ട്.

## ഒരുവർഷംകൊണ്ട് നേടിയെടുക്കേണ്ട കാര്യങ്ങൾ

സ്കൂളിലെ ഭൗതിക സാഹചര്യങ്ങളുടെ പോരായ്മ മറികടനുള്ള പ്രവർത്തനങ്ങളിൽ MP, MLA, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, പൂർവ്വ അധ്യാപ
കർ, വിദ്യാർത്ഥികൾ ഇവരൊക്കെ ഉൾപ്പെടുത്തി വിപുലമായ ആലോചനായോഗം നടത്തി വികസന പ്രവർത്തനങ്ങളെ തരംതിരിക്കുക.

അക്കാദമിക നിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ കൂട്ടായ്മ പ്രയോജനപ്പെടുത്തുക. രക്ഷിതാക്കളുടെ ഇടയിൽ മതിപ്പുവർദ്ധിപ്പിക്കാനും കുട്ടികളുടെ അഡ്മിഷൻ കൂട്ടാനുമുള്ള പ്രവർത്തനങ്ങളിൽ MPTA, SMC എന്നിവയുടെ സഹകരണം പ്രയോജനപ്പെടുത്തുക. മധുരം മലയാളം, ഗണിതം ലളിതം എന്നീ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കുക.

എല്ലാ കുട്ടികളെയും സ്വതന്ത്ര്യവായനക്കാരും സ്വതന്ത്ര എഴുത്തുകാരും ആക്കുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. സചിത്രബുക്ക്, സംയുക്ത ഡയറി എന്നിവയെക്കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ, കുഞ്ഞെഴുത്തിനുവേണ്ട സാമഗ്രികൾ തയ്യാറാക്കൽ, വായനമൂല ക്ലാസ്തല ലൈബ്രറി എന്നിവ സജ്ജീകരിക്കൽ, റീഡേഴ്സ് തിയ...
കർ, വിദ്യാർത്ഥികൾ ഇവരൊക്കെ ഉൾപ്പെടുത്തി വിപുലമായ ആലോചനായോഗം നടത്തി വികസന പ്രവർത്തനങ്ങളെ തരംതിരിക്കുക.

അക്കാദമിക നിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ കൂട്ടായ്മ പ്രയോജനപ്പെടുത്തുക. രക്ഷിതാക്കളുടെ ഇടയിൽ മതിപ്പുവർദ്ധിപ്പിക്കാനും കുട്ടികളുടെ അഡ്മിഷൻ കൂട്ടാനുമുള്ള പ്രവർത്തനങ്ങളിൽ MPTA, SMC എന്നിവയുടെ സഹകരണം പ്രയോജനപ്പെടുത്തുക. മധുരം മലയാളം, ഗണിതം ലളിതം എന്നി പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കുക.

എല്ലാ കുട്ടികളേയും സ്വതന്ത്ര്യവായനക്കാരും സ്വതന്ത്ര്യ എഴുത്തുകാരും ആക്കുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. സചിത്രബുക്ക്, സംയുക്ത ഡയറി എന്നിവയെക്കു റിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ, കുഞ്ഞെഴുത്തിനുവേണ്ട സാമഗ്രികൾ തയ്യാ റാക്കൽ, വായനാമൂല ക്ലാസ്തല ലൈബ്രറി എന്നിവ സജ്ജീകരിക്കൽ, റീഡേഴ്സ് തീയ...
ം, Action Songs, Converstion, Skit Stories using ICT, Speech, Quiz, Riddles, Self Introduction, Read notice, Sentence Chain, Develop story, Picture description, reads diary, Nears paper reading. Reading Library book-Std II

Library books reading, book review, find words rhyming words, describing words. Make word web, picture description, word chain, sentence chain, make words & sentences, make riddles, Conversations, Add more lines, develop story, diary, letter, announcement, newspaper reading, magazine

## ഗണിതം

### Std I

സംഖ്യാകാർഡ് നിർമ്മിക്കൽ, ഗണിതകിറ്റ് തയ്യാറാക്കൽ, മഞ്ചാടി സഞ്ചി തയ്യാറാക്കൽ, സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ, സംഖ്യകൾ-വലുത്, ചെറുത്, ആരോഹണക്രമം, അവരോഹണക്രമം, മുന്നിലുള്ളവ, പിന്നിലുള്ളവ, ഇടയ്ക്കുള്ള സംഖ്യ, ഒരക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനം ....

### Std IV

സംഖ്യാബോധം (1-1000), മൂന്നക്ക-നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ, സംഖ്യാ സൂര്യൻ, ക്രമീകരിക്കാം, ക്ലാസിലൊരു കട സമയചക്രം, ഭാഗ്യവാനെ കണ്ടെത്താം, ജോഡി കണ്ടെത്താം.

# പരിസരപഠനം

## Std IV

പ്രകൃതി നടത്തം, പൂന്തോട്ടം ഒരുക്കാം, ഒരു തൈനടാം, പോസ്റ്റർ നിർമ്മാണം, ദാഹജലം, ദിനകൃത്യങ്ങൾ, പരിസര നടത്തം, നല്ലശീലം, ഫീൽഡ്ട്രിപ്പ്, പരീക്ഷണങ്ങൾ, ശാസ്ത്രജ്ഞനോടൊപ്പം, പക്ഷി നിരീക്ഷണം

## Std III

ലഘു പരീക്ഷണങ്ങൾ; പരീക്ഷണകുറിപ്പ് തയ്യാറാക്കൽ, വിത്ത് മുളപ്പിക്കൽ, ഇല കൊണ്ട് രൂപങ്ങൾ ഒട്ടിക്കൽ, ജൈവവൈവിധ്യപാർക്ക്, പരിസ്ഥിതി സംരക്ഷണം, ശാസ്ത്രപ്രതിഭകളെ അടുത്തറിയാം, പരീക്ഷണങ്ങൾ വിടിനകത്തും, ശാസ്ത്രമാസിക/പതിപ്പ്

# അറബി

## I to IV

പദസമ്പത്ത് വർദ്ധിപ്പിക്കുക, ഉച്ചാരണം, എഴുത്തു രൂപം എന്നിവ പരിചയപ്പെടൽ, അറബിയിലുള്ള ചെറിയ ശൈലികൾ, ഉപചാരവാക്കുകൾ മനസ്സിലാക്കുക, വായനാ താൽപര്യം നിലനിർത്തുക, പൊതുവിജ്ഞാനം, ഭാഷാ...
മൂന്നുവർഷം കൊണ്ട് വിദ്യാലയം നേടിയെടുക്കേണ്ട നേട്ടങ്ങൾ

സ്കൂളിലെ എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾ അനായാസമായി കൈകാര്യം ചെയ്യാനും ഗണിതത്തിലെ ചതുഷ്ക്രിയകൾ നിഷ്പ്രയാസം ചെയ്യാനും നല്ല കൈയ്യക്ഷരത്തിന്റെ ഉടമകളാകാനും കഴിയുന്ന തലത്തിലേക്ക് കുട്ടി കളെ എത്തിക്കുക.

ശാസ്ത്രശാലകം പദ്ധതി പോലെ നിത്യജീവിതത്തിൽ നിസ്സാരമായി കാണുന്ന കാര്യങ്ങളിലെ ശാസ്ത്രതത്വങ്ങൾ മനസിലാക്കികൊടുക്കുന്ന പദ്ധതി വിപുലപ്പെടുത്തി കുട്ടികളിൽ നിരീക്ഷണപാടവം വളർത്തുക. ഏതെങ്കിലുമൊരു വിഷയത്തെക്കുറിച്ച് സഭാകമ്പമില്ലാതെ അനായാസം സംസാരിക്കാനുള്ള കഴിവിലേക്ക് കുട്ടികളെ എത്തി ക്കുക. ദിവസവും അധികവായനയ്ക്കുള്ള അവസരം നൽകിയാലേ തെറ്റുകൂടാതെ എഴുതാനും വായിക്കാനും തുടർന്ന് വിഷയസംബന്ധമായി സംസാരിക്കാനുള്ള കഴി വിലേക്ക് കുട്ടികളെ എത്തിക്കാൻ സാധിക്കുകയുള്ളൂ

അഞ്ച് വർഷം കഴിഞ്ഞ് സ്ക്കൂൾ എങ്ങനെയായിരിക...
ക്കക. ഇതുവഴി സ്കൂളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവു ണ്ടാകും. എവറോളിംഗ് ട്രോഫി ഏർപ്പെടുത്തിയാൽ അംഗൻവാടികൾ തമ്മിൽ ആരോഗ്യകരമായി മത്സരിക്കും.

പഠനപ്രവർത്തനങ്ങളോടൊപ്പം സമാന്തരമായി ദിനാചരണങ്ങളും പ്രവർത്തന കലണ്ടർ പ്രകാരം നടക്കുന്നു. അധ്യായന വർഷാവസാനം അടുത്തവർഷത്തേക്കുള്ള ദിനാചരണ കലണ്ടർ നൽകുന്ന സമ്പ്രദായം വളരെ നല്ലതായിരിക്കും സ്കൂളിൽ ലഭ്യ മായ സ്ഥലത്ത് ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനും ഉദ്യാനം ഒരുക്കാനും കഴിയ

'പാഠ്യം സമഗ്രം ' എന്ന പദ്ധതിപോലെ കുട്ടികളുടെ സമഗ്രപുരോഗതിക്കുതകുന്ന തരത്തിലുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക.വാർഷിക പരീക്ഷയ്ക്കു മുൻപായി കുട്ടികളുടെ പഠനപ്രവർത്തനങ്ങളിലെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് പാഠഭാഗങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പൊതുജ നങ്ങൾ, രക്ഷിതാക്കൾ, ഇവരെല്ലാം കാണുന്ന രീതിയിൽ കുട്ടികൾ അവതരിപ്പിക്കുക. സ്കൂളിന്റെ പ്രവർത്തനമികവ് 'പഠനോത്സവ'രൂപത്തിൽ അവതരിപ്പിക്കുന്നതിലൂടെ വിദ്യാലയം ആദരിക്കപ്പെടും

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനം വായിക്കാനുമുള്ള കഴിവ്

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി. കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4.വായന ഒരു സംസ്കാരമായി പ്രവർത്തനങ്ങളൊരുക്കും.

രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനാ7. വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4 ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടിവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കം.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നീവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായബോധവൽക്കരണം,രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

1.എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2 എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4.സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

7. ക്ലാസ്സ് തല വായനാ മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1 ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1.അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4 ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യ തകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ളസാഹചര്യംഒരുക്കുക

## പ്രവൃത്തി പരിചയം

1.നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2.പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉത്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതര വിഷയങ്ങൾ പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1 കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

2. കലാഭിരുചി വളർത്തുക.

3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം-ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3. ആരോഗ്യ ശീലങ്ങൾ വളർത്തുക.

4 ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5.ക്യാമ്പസിനെ മാലിന്യമുക്തമാക്കുക. ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# പ്രവർത്തന പദ്ധതികൾ

**പേര് :ഇംഗ്ലീഷ് അസംബ്ലി**

**ഉപമേഖല :ഇംഗ്ലീഷ് ഭാഷ പഠനം -തുടർപ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾ തന്നെ അസ്സംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക . അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ . ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ . | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ എസ് .ആർ .ജി ./ എസ്.എ .എസ്.ജി./എസ്. എസ്.എ. | പ്രോത്സാഹന സമ്മാനങ്ങൾ വിതരണം . ചെയ്യുന്നതിന് രൂപ 5000/- |

**പേര് ;ഇംഗ്ലീഷ് ഫെസ്റ്റ്**

ഉപമേഖല :പ്രകടന വേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മുഴുവൻ പ്രവർത്തനങ്ങളും / ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ് ടീച്ചർ ,HM ,പി. ടി .എ . എസ്. എസ്. എ | 2000/- ഒരു വർഷം |

പേര് :ഇംഗ്ലീഷ് ഡയറി

ഉപമേഖല :**ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു | ആഴ്ചയിൽ മൂന്ന് ദിവസം( വർഷം മുഴുവൻ) | ക്ലാസ്സ്ടീച്ചർ | |

പേര് :ഇംഗ്ലീഷ് തീയേറ്റർ

**ഉപമേഖല** :പ്രകടന വേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ സ്കിറ്റ് ,ഡ്രാമ ,സംഭാഷണം ,കഥാപറയൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ, എസ് .എം . സി | |

പേര് :ഇംഗ്ലീഷ് മാഗസിൻ

ഉപമേഖല :ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മകത രചന ശേഷി വികസനം | 3 മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | 3 മാസത്തിലൊരിക്കൽ | HM ,ക്ലാസ് ടീച്ചർ എസ് .എം .സി . | |

പേര് :ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )

ഉപമേഖല :ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്കു അവസരം ഒരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷ് ബുള്ളറ്റിൻ ഒരുക്കു<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ -ചന്ദ്രൻ<br>ഓഗസ്റ്റ് -സ്വതന്ത്ര്യ ദിനം<br>സെപ്തംബര് - ഓണം<br>ഒക്ടോബർ -ഗാന്ധി<br>നവംബർ – കേരളം<br>ഡിസംബർ -ക്രിസ്മസ്<br>ജനുവരി -പുതുവർഷം | ഒരോ മാസവും | ക്ലാസ്സ്ടീച്ചർ | |

**പേര് :റീഡിങ് കാർഡ് ഷോപ്പ്**

ഉപമേഖല :വായന സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്കു കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മിക്കാൻ | ജൂൺ | ഇംഗ്ലീഷ് ക്ലബ് | 1000 |

**പേര് :വർക്ഷീറ്റ് വർക്ക്ഷോപ്പ്**

ഉപമേഖല :അദ്ധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവിണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ഷീറ്റുകൾ തയ്യാറാക്കുന്നു .അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ് ആർ ജി | നാലായിരം |

# അറബിക്

പേര് :ഭാഷ -അറബിഭാഷ

ഉപമേഖല :അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടുക | *പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക<br>*മുന്നറിവ് പരിശോധിക്കുക<br>*അക്ഷരങ്ങൾ ഉറപ്പിക്കൽ<br>*വാചകങ്ങൾ നിർമ്മിക്കാൽ<br>*ഭാഷകളികൾ | 2 മാസം | അറബി ടീച്ചർ | |

പേര് :അറബി വായനോത്സവം

ഉപമേഖല :വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | വായന മത്സരം<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>വായനകുറിപ്പുകൾ<br>അറബിക് പത്രവായന /റേഡിയോ | ജൂൺ -മാർച്ച് | അറബി ടീച്ചർ | |

പേര് :അറബി രചനോത്സവം

ഉപമേഖല :ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ | പതിപ്പുകളുടെ നിർമാണം<br>വായനകുറിപ്പു ശേഖരണം<br>ചുമർപത്രങ്ങൾ /പോസ്റ്ററുകൾ<br>ഭാഷാകളികൾ | ജൂൺ -മാർച്ച് | അറബിക് ടീച്ചർ | 2000 |

ഗണിതം

പേര് :ഗണിത വർക്ക് ഷീറ്റ് ശില്പശാല

**ഉപമേഖല :വർക്ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുമുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | എസ് ആർ ജി | 4000 |

**പേര് :ഗണിത ലാബ്**

ഉപമേഖല :ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജ മാക്കൽ | 2025-26 | SMC | 15000 |

പേര് :ഗണിതച്ചുമർ

ഉപമേഖല :ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത രൂപങ്ങളുടെ പ്രായോഗികമൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

പേര് :ഗണിത പഠനോപകരണ ശില്പശാല

ഉപമേഖല :നിർമാണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകാരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം-പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |

പേര് :ഗണിത മേള

ഉപമേഖല : പ്രദർശനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ<br>പഠന ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

പരിസരപഠനം

പേര് :പ്രകൃതിനടത്തം

ഉപമേഖല : ഫീൽഡ് ട്രിപ്പ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം-അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |

പേര് :ശാസ്ത്രയാത്ര

ഉപമേഖല :നിരീക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമെഡിക്കൽ പ്രദർശനം | ആവശ്യാനുസരണം | SRG ,CPTA ,ക്ലാസ്സ് ടീച്ചർ | |

പേര് :ശാസ്ത്ര മൂല

ഉപമേഖല :കളക്ഷൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവും ആക്കാൻ | ശാസ്ത്രപഠനത്തിനു ആവിശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM ,SRG ,ക്ലാസ് ടീച്ചർ | |

# മലയാളം

പേര് :പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല :വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു<br>ലഘുവിവരണം പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം (2 പുസ്തകം ) | ക്ലാസ് ടീച്ചർ | |

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല :വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക | എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു ;പിറന്നാൾ പുസ്തകം പരിപാടിയിലൂടെ . പുസ്തകമാണ് ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |

പേര് : ഉച്ചഭാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അർഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷണിയിലൂടെ ഒരു ദിനം കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |

പേര് : അക്ഷരകൂട്ടം (വായന കോർണർ )

ഉപമേഖല :വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • മികച്ച വായന ശീലം വളർത്തുക.<br>• റീഡേഴ്സ് തീയേറ്റർ | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു .<br><br>ക്ലാസ് റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽമാർച്ച് | സ്കൂൾ ലൈബ്രറി കമ്മറ്റി<br>ക്ലാസ് ടീച്ചർ | 4000 |

പേര് :ക്ലാസ്സ് തല പതിപ്പുകൾ

ഉപമേഖല :ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനു കഴിവ് | വിദ്യാലയവിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്സ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാമാസവും | ക്ലാസ് ടീച്ചർ | 1500 |

പേര് :കൈയെഴുത്തു മാസിക

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനക്കുള്ള അവസരം ഒരുക്കുക നിന്ന് ) | കുട്ടികളുടെ രചനകൾ പ്രസിദ്ധികരിക്കൽ (ചുമർച്ചിത്രം , കൈയെഴുത്തു മാഗസിൻ ഇവയിൽ ) | ഓരോ ടേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന് | വിദ്യ രംഗം ,ഭാഷാക്ലബ് | 1500 |

പേര് :രചനോത്സവം

ഉപമേഖല :ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റി എഴുതൽ | ജൂൺ മുതൽ മാർച്ച് | ഭാഷ ക്ലബ് | 2000 |

പേര് :സർഗ്ഗവേള

ഉപമേഖല :പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികളെയും അർഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പു തയ്യാറാക്കൽ (1,2 ക്ലാസ്സിൽ വായനക്കാർഡു ) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ്ടീച്ചർ | 3000 |

പേര് :പാട്ടരങ്ങു

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാവപ്രകടനം , ശബ്ദ പ്രയോഗം /സംഗീതാത്മ കത തുടങ്ങിയവയ ിലൂടെ ഭാഷ ജ്ഞാനവും ആത്മവിശ്വാ സവും വളർത്തൽ | കുട്ടികൾ പഠിക്കുന്ന പാട്ടുകൾ പഠിച്ചു അതിന്റെ അവതരണ ഘടിപ്പിക്കുന്നു രാഗം താളങ്ങളുമാ യി അനുബന്ധിപ്പ ിക്കുന്ന ഭാവങ്ങൾ അവതരിപ്പി ക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഭാഷ ക്ലബ് | |